## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2164
## 18.06.2013-ലെ മറുപടിക്ക്

## നൂറനാട് ട്രഷറി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ.രാജേഷ് | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) | മാവേലിക്കര നൂറനാട് ട്രഷറിയിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; | ആലപ്പുഴ ജില്ലയിലെ നൂറനാട് സബ് ട്രഷറിയുടെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ 10.09.2009 തീയതിയിലെ സ.ഉ (സാധാ) നം:6170/09/ധന ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട്, ട്രഷറർ, അക്കൗണ്ടന്റ് എന്നീ തസ്തികകൾ പുനർ വിന്യാസത്തിലൂടെ നികത്തുന്നതിനും 29.03.2010 തീയതിയിലെ സ.ഉ (സാധാ) നം:2501/2010/ധന ഉത്തരവ് പ്രകാരം സബ് ട്രഷറി ഓഫീസർ, പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു സബ് ട്രഷറി ഓഫീസറെയും രണ്ട് ഓഫീസ് അസിസ്റ്റന്റിനെയും നിയമിക്കുകയും ഒരു ജൂനിയർ സൂപ്രണ്ട് ഒരു ട്രഷറർ മൂന്ന് അക്കൗണ്ടന്റുമാർ എന്നിവരെ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് അക്കൗണ്ടന്റുമാരെക്കൂടി പുനർവിന്യസിക്കാനുള്ള നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണ്. |

| | | |
|---|---|---|
| (ബി) | സബ് ട്രഷറി ബാങ്കിംഗ് ആക്കി മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; | നൂറനാട് സബ് ട്രഷറി ബാങ്കിംഗ് ആക്കി മാറ്റുന്നതിന് 13.06.2013 തീയതിയിലെ സ.ഉ (സാധാ) നം: 5035/13/ധന ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പണമിടപാടുകൾ നിലവിലുള്ള ട്രഷറിയിൽ നിലനിർത്തണം എന്ന് കായംകുളം, മാവേലിക്കര മണ്ഡലത്തിൽ നിന്നുള്ള അദ്ധ്യാപകരുടെ അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; ആയത് അടിയന്തിരമായി നടപ്പിലാക്കുമോ? | ഉണ്ട്. കായംകുളം വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട 16 പ്രൈമറി സ്കൂളുകളുടെ ട്രഷറി ഇടപാടുകൾ കായംകുളം സബ് ട്രഷറിയിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ